**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 929** **07-12-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി,പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖേന തൊഴിൽ പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖേന തൊഴിൽ പരിശീലനത്തിന് അവസരം നൽകുന്നതിനായി പ്രത്യേകമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഇതനുസരിച്ച് സർക്കാർ തലത്തിൽ നൈപുണ്യ വികസനവും തൊഴിൽ പരിശീലനവും ഉറപ്പവരുത്തി തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് സംവിധാനമൊരുക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | **പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് അവരുടെ പഠന മേഖലക്ക് അനുസൃതമായ തൊഴിൽ പരിചയവും പരിശീലനവും നൽകി അവരുടെ കരിയർ ഉന്നതിയിലെത്തിക്കുന്നതിനും അതുവഴി മികവുറ്റ തൊഴിലുകൾക്ക് പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ പട്ടികജാതി-പട്ടികവർഗ വികസന വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. എൻജിനീയറിങ്, നഴ്സിംഗ്, പാരാമെഡിക്കൽ, നിയമം, സോഷ്യൽ വർക്ക്, മാനേജ്മെന്റ്, അദ്ധ്യാപനം, ക്ലർക്ക് തുടങ്ങി വിവിധ മേഖലകളിൽ പഠനം പൂർത്തിയാക്കിയവർക്ക് ഇന്റേൺഷിപ്പ് മാതൃകയിൽ ഹോണറേറിയത്തോട് കൂടി പരിശീലനത്തിനും പ്രവൃത്തി പരിചയത്തിനും വകുപ്പ് അവസരമൊരുക്കുന്നതിന് നടപടി സ്വീകരിച്ച് വരികയാണ്. പരമാവധി രണ്ടു വർഷം വരെ പരിശീലനത്തിന് നിയോഗിക്കുകയും പരിശീലന കാലയളവിൽ അതാതു മേഖലകളിൽ അനിവാര്യമായ നൈപുണ്യം കൈവരിക്കുന്നതിന് ഉതകുന്ന പ്രത്യേക ട്രെയിനിംഗ് നൽകുകയും ചെയ്യുന്നു. സർക്കാർ തലത്തിൽ 2 വർഷം പ്രായോഗിക പരിശീലനം ലഭ്യമാകുക വഴി ആർജ്ജിക്കുന്ന പരിചയസമ്പത്തിലൂടെ ഏതൊരു മികച്ച സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളുടെയും അഭിമുഖങ്ങളിൽ ആത്മവിശ്വാസത്തോടെ പങ്കെടുക്കാൻ യുവാക്കളെ പ്രാപ്തരാക്കുന്നു. ഇവർക്ക് സർക്കാരിന്റെ തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതാണ്. നിലവിൽ പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽനിന്നും 500 എഞ്ചിനിയറിംഗ് ഉദ്യോഗാർത്ഥികൾക്ക് അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസീയർമാരായി** |

നിയമനം നൽകിയിട്ടുണ്ട്. കൂടാതെ 114 MSW ബിരുദധാരികൾക്ക് സോഷ്യൽ വർക്കർമാരായും, 380 ബിരുദധാരികൾക്ക് അപ്രന്റീസ് ക്ലർക്കുമാരായും, 2400 പേർക്ക് പ്രമോട്ടർമാരായും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിയമനം നൽകിയിട്ടുണ്ട്. ഇതിന് പുറമേ, നിയമ ബിരുദധാരികളെ ഹോണറേറിയം വ്യവസ്ഥയിൽ ലീഗൽ കൗൺസിലർ, ലീഗൽ അഡ്വൈസർ തസ്തികകളിൽ നിയമിക്കുന്നതിനുള്ള നടപടിയും അന്തിമ ഘട്ടത്തിലാണ്. നഴ്സിംഗ്, പാരാമെഡിക്കൽ, മാനേജ്മെന്റ്, അദ്ധ്യാപന മേഖലയിലുള്ള ഉദ്യോഗാർത്ഥികൾക്കുള്ള നിയമനം സംബന്ധിച്ചുള്ള വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇത്തരത്തിൽ വിവിധ മേഖലകളിൽ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ കണ്ടെത്തി അവരുടെ യോഗ്യതയ്ക്കനുസൃതമായ തൊഴിൽ ലഭിക്കുന്നതിന് ആവശ്യമായ പരിശീലനവും പിന്തുണയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ Training for Career Excellence (TRACE) എന്ന പേരിൽ പദ്ധതി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ്.

കൂടാതെ ആനുകാലിക പ്രാധാന്യമുള്ളതും തൊഴിൽ സാധ്യതയുള്ളതുമായി ഹ്രസ്വകാല നൈപുണ്യ വികസന കോഴ്സുകൾ കണ്ടെത്തി സംസ്ഥാന/കേന്ദ്ര/ മറ്റ് തൊഴിൽ പരിശീലകരായ ഏജൻസികളുടെ അക്രഡിറ്റേഷനുള്ള പരിശീലന സ്ഥാപനങ്ങൾ വഴി പരിശീലനം നൽകി വരികയും പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സംസ്ഥാനത്തിനകത്തും പുറത്തും അംഗീകാരമുള്ള തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകളും നൽകുകയും ചെയ്യുന്നുണ്ട്.

പട്ടികജാതി വികസന വകുപ്പിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതരായ യുവതീ യുവാക്കൾക്ക് സ്വദേശത്തും വിദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ഉതകുന്ന തരത്തിലുള്ള വിവര സാങ്കേതികം, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ, ഏവിയേഷൻ തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലന പരിപാടികൾ വിവിധ അംഗീകൃത ഏജൻസികൾ മുഖേന വകുപ്പ് നടപ്പിലാക്കുകയും നൈപുണ്യ വികസന പരിശീലനം വിജയകരമായി പൂർത്തീകരിക്കുന്ന പരിശീലനാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകൾ നൽകുകയും ചെയ്യുന്നുണ്ട്.

| | | | |
|---|---|---|---|
| (ബി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതി, യുവാക്കളെ ഒരേസമയം തൊഴിൽ സംരംഭകരും തൊഴിൽ ദായകരും ആക്കുന്നതിന് പ്രത്യേകമായ എംപവർമെന്റ് സൊസൈറ്റികൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതുവഴി എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ? | (ബി) | **ഉണ്ട്. പട്ടികജാതി വിഭാഗം യുവതീയുവാക്കളെ ഒരേ സമയം തൊഴിൽസംരംഭകരും തൊഴിൽദായകരും ആക്കുന്നതിന് ശരിയായ മാർഗ്ഗനിർദേശവും പരിശീലനവും സാമ്പത്തികസഹായവും പിന്തുണയും നൽകാനുള്ള പദ്ധതിയാണ് കേരള എംപവർമെന്റ് സൊസൈറ്റി. 2022-23ലെ നയപ്രഖ്യാപനത്തിൽ ഉൾപ്പെട്ടിട്ടുള്ള ഈ പദ്ധതി രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഈ വിഷയം പരിശോധിച്ചുവരികയാണ്.** |

സെക്ഷൻ ഓഫീസർ